**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1827**

**07 .03.2017-ൽ**
**മറുപടിയ്ക്ക്**

**താലൂക്ക് , ജില്ലാ തലങ്ങളിൽ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ**

**ചോദ്യം**
**ശ്രീ. തോമസ് ചാണ്ടി**

**മറുപടി**
**ശ്രീ. പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| (എ) താലൂക്ക്, ജില്ലാ തലങ്ങളിൽ ആറ് മാസത്തിൽ ഒരിക്കൽ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; | (എ) സർക്കാരിന്റെ 21/07/2016-ലെ പി. ഡി. എൽ.-2/എ. ആർ. 14 (2)/04/16 ഉ. ഭ. പ. ഒ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് തലം മുതൽ കളക്ടറേറ്റ് തലം വരെയുള്ള കാര്യാലയങ്ങളിൽ ഓരോ മാസവും നിശ്ചിത തീയതിയിൽ (എല്ലാ മാസവും 8-ാം തീയതി-താലൂക്ക്, 18-ാം തീയതി-ആർ. ഡി. ഒ., 28-ാം തീയതി കളക്ടറേറ്റ്, ഓരോ മാസത്തിലേയും ആദ്യ ശനിയാഴ്ച-മറ്റ് റവന്യു കാര്യാലയങ്ങൾ) ഫയൽ അദാലത്ത് നടത്തണമെന്ന് നിർദ്ദേശിച്ച് 30/08/2016-ൽ റവന്യു വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലേയ്ക്കും ലാൻഡ് റവന്യു കമ്മീഷണറേറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി കാര്യാലയങ്ങളിൽ ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ജനങ്ങൾക്ക് വേഗത്തിൽ സർക്കാർ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ബി) ജനങ്ങൾക്ക് വേഗത്തിൽ സർക്കാർ സേവനം ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനപരാതി പരിഹാര സെൽ കളക്ടറേറ്റുകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഫയൽ അദാലത്തുകൾ നടത്തുന്നുണ്ട്. ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാകുന്നതോടെ കൂടുതൽ വേഗത്തിൽ സേവനം നൽകാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ